കാത്ത് ലാബ് സ്ഥാപിക്കൽ

28(2496) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിലും എറണാകുളം, കോഴിക്കോട് ജനറൽ ആശുപത്രികളിലും കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി 2015-16 ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു ;വ്യക്തമാക്കുമോ ;

(ബി) ഇതിൽ നിന്നും ഇതുവരെ ചെലവായ തുകയെത്രയാണെന്നും അവ എന്തെല്ലാം പദ്ധതിക്കായി എവിടെയെല്ലാമാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കാത്ത് ലാബ്&ഐ.സി.യു. സംവിധാനം ആരംഭിക്കുക എന്ന പദ്ധതിയിൽ ജില്ലാ ആശുപത്രി- കൊല്ലം, ജനറൽ ആശുപത്രി-എറണാകുളം, ജില്ലാ ആശുപത്രി-കോഴിക്കോട് എന്നിവിടങ്ങളിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഒരു സ്ഥാപനത്തിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപയോളം ചെലവു വരുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷം എറണാകുളം ജനറൽ ആശുപത്രിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 15-6-2015 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 1804/15/ആ.ക.വ. പ്രകാരം ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണത്തിനായി 17-8-2015-ലെ സ.ഉ.(സാധാ) നമ്പർ 2649/15/ആ.ക.വ. നമ്പർ ഉത്തരവ് പ്രകാരം മേൽ തുക മുഴുവൻ കെ.എം.എസ്.സി.എൽ.-ന് കൈമാറുകയും ചെയ്തിട്ടുണ്ട്.

സുകൃതം പദ്ധതി

29(2497) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുകൃതം ചികിൽസാ പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് കാൻസർ രോഗ ബാധിതർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാലും ക്യാൻസർ രോഗ ചികിത്സ ഭാരിച്ച ചെലവ് വേണ്ടിവരുന്നതിനാലും സാധാരണക്കാരായ ജനങ്ങൾക്ക് കാൻസർ ചിക്ത്സ അപ്രാപ്യമാവുകയും ക്യാൻസർ മരണനിരക്ക് കൂടുന്നതിന് കാരണമാകുകയും ചെയ്യുന്നു. ഈ അവസ്ഥ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സുകൃതം. സംസ്ഥാനത്ത് എല്ലാ ക്യാൻസർ രോഗികൾക്കും സൗജന്യ ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly